(സി) പുതുതായി അനുവദിച്ച സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 471 അദ്ധ്യാപക/പ്രിൻസിപ്പാൾ തസ്തികകളും 364 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിച്ചതുമൂലമുണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകിവരുന്നു. പുതിയ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി അത്യാവശ്യ തസ്തികകളിൽ സ്ഥലംമാറ്റം മൂലം നിയമനം നടത്തിയിട്ടുണ്ട്. പുതുതായി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. എന്നാൽ സർക്കാർ മേഖലയിൽ ആരംഭിച്ച 6 പോളിടെക്നിക് കോളേജുകൾക്കുവേണ്ടി 6 സീനിയർ ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

12 (1058) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസിംഗ് സോണുകളിൽ ഐ.എച്ച്.ഇ.ഇസഡ്. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷ നൽകിയിരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) വിവിധ അന്താരാഷ്ട്ര സർവ്വകലാശാലകളുടെ കീഴിലുള്ള കോഴ്സുകൾ എവിടെയെല്ലാം എന്ന് മുതൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിനകം ഇക്കാര്യത്തിൽ ആരെല്ലാമായി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്, വിശദമാക്കുമോ;

(ഡി) ഇതിനായി എത്ര രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത് ; ഇതിനകം ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടില്ല.

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

1. Peermade Development Society
2. Rajagiri Education & Charitable Trust
3. MIMS Academy Trust
4. Charitable Educational and Welfare Society
5. DM Education and Research Foundation

LIBRARY ARCHIVES Kerala Legislative Assembly

6. Ahalia International Foundation
7. Sree Narayana University Trust
8. Sree Gurudeva Charitable and Educational Trust-Promoters of Sri Vellappally Natesan College of Engineering
9. Nirmala Educational Trust

(സി) ആഗോള വിദ്യാഭ്യാസ സമ്മേളനത്തിൽ ചർച്ചകൾ മാത്രമേ നടത്തിയിട്ടുള്ളൂ. ആരുമായും ഒരു കരാറിലും ഒപ്പ് വച്ചിട്ടില്ല.

(ഡി) ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു. ആകെ ചെലവ് 55 ലക്ഷം രൂപ ആയിരിക്കുമെന്ന് കണക്കാക്കുന്നു.

സർവ്വകലാശാല നിയമനങ്ങൾ

13 (T1059) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമനങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് രൂപീകരണം എത്രയും വേഗം പൂർത്തിയാക്കി പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ട് (2015, 18-ാം ആക്ട്) 2015 ഡിസംബർ 15-ാം തീയതി ഗവർണർ അനുമതി നൽകുകയുണ്ടായി.

(ബി) റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) സ്വീകരിക്കുന്നതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly